**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1419 07.06.2018 ൽ മറുപടിയ്ക്ക്**

**വിദ്യാർത്ഥികൾക്കായി വിവിധ സ്കോളർഷിപ്പുകൾ**

| **ചോദ്യം**<br><br>**ശ്രീ. എം.നൗഷാദ്** | **ഉത്തരം**<br><br>**പ്രൊഫ. സി. രവീന്ദ്രനാഥ്**<br>**(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)** |
|---|---|
| (എ) പഠന മികവ് കാഴ്ചവയ്ക്കുന്ന വിദ്യാർത്ഥികൾക്കായി സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള വിവിധ സ്കോളർഷിപ്പുകൾ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;<br>(ബി) കേന്ദ്ര സർക്കാർ സഹായത്തോടെ സംസ്ഥാന സർക്കാർ ഏതെങ്കിലും തരത്തിലുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് നല്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നല്കാമോ;<br>(സി) കേന്ദ്ര സർക്കാർ നേരിട്ട് നടപ്പാക്കുന്ന ഏതെങ്കിലും വിദ്യാഭ്യാസ സ്കോളർഷിപ്പ് പദ്ധതിയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (എ), (ബി), (സി)<br>100 % കേന്ദ്ര സർക്കാർ പദ്ധതികളായി പൊതുവിദ്യാഭ്യാസ വകുപ്പ് മുഖാന്തരം നല്കുന്ന സ്കോളർഷിപ്പുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ടി സ്കോളർഷിപ്പ് തുക കുട്ടികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് ഡയറക്ട് ബാങ്ക് ട്രാൻസ്ഫർ മുഖാന്തരം ലഭ്യമാക്കുകയാണ് ചെയ്യുന്നത്. |

Hadeena

സെക്ഷൻ ഓഫീസർ

## അനുബന്ധം

| നം. | സ്കോളർഷിപ്പ് | വിശദവിവരം |
|---|---|---|
| 1 | ന്യൂനപക്ഷ പ്രീ-മെട്രിക് സ്കോളർഷിപ്പ് | ന്യൂനപക്ഷ ജനവിഭാഗങ്ങളായി കേന്ദ്ര സർക്കാർ അംഗീകരിച്ച മുസ്ലിം, ക്രിസ്ത്യൻ, ബുദ്ധ, ജൈന, പാഴ്സി, സിഖ് വിഭാഗത്തിൽ പെടുന്ന ഒരു ലക്ഷം രൂപയിൽ താഴെ കുടുംബ വാർഷിക വരുമാനമുള്ള രക്ഷാകർത്താക്കളുടെ സമർത്ഥരായ കുട്ടികൾക്ക് 1000/- (ആയിരം രൂപാ മാത്രം) അനുവദിക്കുന്നു. ഒരു കുടുംബത്തിലെ രണ്ട് കുട്ടികൾക്കാണ് അർഹത. പ്രതിവർഷം 7-8 ലക്ഷം കുട്ടികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു. |
| 2 | ഭിന്നശേഷിക്കാരായ കുട്ടികൾക്ക് പ്രീ-മെട്രിക് സ്കോളർഷിപ്പ് | 9, 10 ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് മെഡിക്കൽ ബോർഡ് നല്കിയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ശാരീരിക വൈകല്യത്തിന്റെ ശതമാനം പരിഗണിച്ചാണ് അനുവദിക്കുന്നത്. |
| 3 | നാഷണൽ മീൻസ്-കം- മെറിറ്റ് സ്കോളർഷിപ്പ് | എസ്.സി.ഇ.ആർ.ടി നടത്തുന്ന മത്സര പരീക്ഷയിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന സർക്കാർ/ എയ്ഡഡ് സ്കൂളിലെ കുട്ടികൾക്ക് 12000/- രൂപാ വീതം 9, 10, 11, 12 ക്ലാസ്സുകളിലേക്കായി നാല് വർഷം ലഭിക്കും. |
| 4. | ഇൻസെന്റീവ് ടു ഗേൾസ് സ്കോളർഷിപ്പ് ഫോർ സെക്കണ്ടറി എഡ്യൂക്കേഷൻ | സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠിക്കുന്ന പട്ടിക ജാതി - പട്ടിക വർഗ്ഗ വിഭാഗത്തിൽ പെടുന്ന കുട്ടിയുടെ പേരിൽ 3000/- രൂപ ബാങ്കിൽ സ്ഥിര നിക്ഷേപം നടത്തുകയും പതിനെട്ട് വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് തുകയും, പലിശയും ലഭിക്കും. |

Hadeena

സെക്ഷൻ ഓഫീസർ